**തായ് ലൻഡ് പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം ( ജൂൺ 16-18, 201 6)**

ജൂൺ16, 2016

ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ച് തായ് ലൻഡ് പ്രധാനമന്ത്രി ഹിസ് എക്സലൻസി ജനറൽ പ്രയുത് ചാൻ-ഒ- ച ജൂൺ 16 മുതൽ 18 വരെ (ജൂൺ 16-18, 2016) ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയിൽ എത്തുന്നു.

മെയ് 26, 2014ൽ തായ് ലൻഡ് പ്രധാനമന്ത്രി ആയതിനു ശേഷം ജനറൽ പ്രയുത് ചാൻ-ഒ- ച ഇന്ത്യയിലേക്കു നടത്തുന്ന ആദ്യ സന്ദർശനമാണിത്

പ്രധാനമന്ത്രി ജനറൽ പ്രയുത് ചാൻ-ഒ- ചക്കൊപ്പം അദ് ദേഹത്തിന്റെ പത്നി അസോസിയേറ്റ് പ്രൊഫസർ നരപോൺ ചാൻ-ഒ- ചാ ഇന്ത്യ സന്ദർശിക്കുന്നു. അതിനു പുറമേ ഉപ പ്രധാനമന്ത്രി , നിരവധി കാബിനറ്റ് മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വ്യാപാരനേതാക്കൾ എന്നിവർ ഉൾപ്പെടുന്ന ഒരു പ്രതിനിധി സംഘവും ഉണ്ടാകും.

ജൂൺ 16ന് തായ് ലൻഡ് പ്രധാനമന്ത്രി ന്യൂ ഡെൽഹിയിൽ എത്തും. സന്ദർശനം നടത്തുന്ന വിശിഷ്ട വ്യക്തി ജൂൺ 17ന് രാഷ്ട്രപതി ഭവനിൽ ഗാർഡ് ഓഫ് ഓണർ പരിശോധിക്കും അതോടൊപ്പം മഹാത്മാ ഗാന്ധി സമാധിയിൽ പുഷ്പ ചക്രം സമർപ്പിക്കുകയും ചെയ്യും.
തായ് പ്രധാനമന്ത്രിയുമായി കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജ് കൂടിക്കാഴ്ച നടത്തും

ജൂൺ 17ന് പ്രധാനമന്ത്രിയുമായി തായ് പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുകയും അതെതുടർന്ന് പ്രതിനിധിതല ചർച്ചകൾ നടക്കുകയും ചെയ്യും

സന്ദർശനം നടത്തുന്ന തായ് പ്രധാനമന്ത്രിയോടും പ്രതിനിധി സംഘാംഗങ്ങളോടുമുള്ള ബഹുമാനാർഥം പ്രധാനമന്ത്രി ഉച്ചയൂണ് സൽക്കാരത്തിന് ആതിഥ്യമരുളും. തായ് പ്രധാനമന്ത്രി ഉപ രാഷ്ട്രപതി ശ്രീ എം. ഹമീദ് അൻസാരിയുമായി കൂടിക്കാഴ്ച നടത്തും.

ഫിക്കി / സി ഐ ഐ / അസോചം എന്നിവ സംഘടിപ്പിക്കുന്ന ബിസിനസ് ചടങ്ങിൽ തായ് പ്രധാനമന്ത്രി പ്രഭാഷണം നടത്തുമെന്നു പ്രതീക്ഷിക്കുന്നു. ഇന്ത്യ, തായ് ലൻഡ് സംയുക്ത ബിസിനസ് ഫോറം അവരുടെ ആദ്യ യോഗം സന്ദർശനത്തിന്റെ ഭാഗമായി നടത്തുകയും ജൂൺ 17ന് നടക്കുന്ന ചടങ്ങിൽ അവരുടെ നിർദേശങ്ങൾ അറിയിക്കുകയും ചെയ്യും

ന്യൂ ഡെൽഹിക്കു ശേഷം  തായ് ലൻഡിലേക്കു മടങ്ങും മുൻപേ തായ് പ്രധാനമന്ത്രി ജൂൺ 18ന് ബോധ്ഗയ സന്ദർശിക്കും.

ആസിയാനുമായുള്ള  ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തത്തിലെ പ്രധാന ഘടകമാണ് തായ് ലൻഡുമായുള്ള ഇന്ത്യയുടെ വിശിഷ്യമായ ബന്ധം. രണ്ട്  രാജ്യങ്ങളേയും കൂടുതൽ അടുപ്പിക്കുന്നതിൽ ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസിയും തായ് ലൻഡിന്റെ ലുക്ക് വെസ്റ്റ് പോളിസിയും പങ്ക് വഹിക്കുന്നു

സ്ഥിരമായ ഉന്നതതല വിനിമയങ്ങളും  നിരന്തരമായ ഉഭയകക്ഷി സംവിധാനങ്ങൾ നടത്തുന്ന ചർച്ചകളും ഇന്ത്യാ തായ് ലൻഡ് ബന്ധങ്ങളിൽ
പ്രധാന പ്രേരകശക്തിയായി മാറുകയും സുരക്ഷ, പ്രതിരോധം, ശാസ്ത്ര സാങ്കേതിക വിദ്യ, വിദ്യാഭ്യാസം തുടങ്ങിയ  പ്രധാനപ്പെട്ട സഹകരണ മേഖലകളിൽ
നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

ഇന്ത്യയും തായ് ലൻഡും തമ്മിൽ  ശക്തമായ  സാമ്പത്തിക കൂട്ടുപ്രവർത്തനങ്ങൾ ഉണ്ട്.  അതോടൊപ്പം  വളരുന്ന ഉഭയകക്ഷി വ്യാപാരം നിക്ഷേപം എന്നിവയിലെ വൈവിധ്യമാർന്ന ചിത്രത്തിലൂടെ ഇരു സാമ്പത്തിക മേഖലകൾക്കും ഇടയിലുള്ള ഇടപെടലുകളുടെ പക്വതയും വളർച്ചയുമാണ് പ്രതിഫലിക്കുന്നത്.

ഇന്ത്യാ തായ് ലൻഡ് ബന്ധങ്ങളിൽ ജനങ്ങൾ തമ്മിലുള്ള വിശിഷ്ടമായ ബന്ധമാണ് ഏറ്റവും പ്രധാനം

2015ൽ ഒരു ദശലക്ഷത്തിലധികം ഇന്ത്യൻ വിനോദ സഞ്ചാരികൾ  തായ് ലൻഡ് സന്ദർശിച്ചിരുന്നു.
ഒരു ലക്ഷത്തിലധികം തായ് വിനോദ സഞ്ചാരികൾ ഇന്ത്യയും സന്ദർശിച്ചിരുന്നു

ന്യൂ ഡെൽഹി

**16 ജൂൺ, 2016**